**അനുബന്ധം 1**

# ഊർജ്ജ കിരൺ 2017-18
# ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടി

## പരിപാടികൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശരേഖ

(മാർഗ്ഗനിർദ്ദേശരേഖ ശ്രദ്ധാപൂർവ്വം വായിച്ച് മേലധികാരി ഒപ്പിട്ട് സീല് പതിപ്പിച്ച കരാർ/സമ്മതപത്രത്തോടൊപ്പം അനുബന്ധമായി സമർപ്പിക്കേണ്ടതാണ്)

1. പരിപാടികൾ ഇ.എം.സി യുടെ മാർഗ്ഗനിർദ്ദേശരേഖകൾക്ക് വിധേയമായി നടപ്പാക്കാന് തയ്യാറാണെന്ന് കാണിച്ച് 20 രൂപയില് കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രത്തില് തയ്യാറാക്കിയ കരാറും സ്ഥാപനത്തിന്റെ മേലധികാരി ഒപ്പിട്ട മാർഗ്ഗ നിർദ്ദേശരേഖയും (സർക്കാർ സ്ഥാപനങ്ങള് മേലധികാരി ഒപ്പിട്ട് സീൽ പതിപ്പിച്ച സമ്മതപത്രവും മാർഗ്ഗ നിർദ്ദേശരേഖയും ഹാജരാക്കിയാല് മതി) 2017 നവംബർ 20 -)ം തിയതിക്ക് മുമ്പായി സി.ഇ..ഡി. ഓഫീസിൽ സമർപ്പിക്കണം

2. പരിപാടികളുടെ വിശദമായ സമയ പട്ടികയും നോട്ടിസും ആദ്യ പരിപാടിക്ക് കുറഞ്ഞത് 15 ദിവസം മുൻപോ 2017 ഡിസംബർ 31 ന് മുൻപോ ഏതാണോ ആദ്യം, സി.ഇ.ഡി ഓഫീസിൽ ലഭിച്ചിരിക്കണം (ഇ മെയിൽ ആയി അയച്ചാല് മതിയാകും). തുടർന്നുള്ള ഓരോ പരിപാടിയുടേയും നോട്ടിസ് പരിപാടിക്ക് കുറഞ്ഞത് 15 ദിവസം മുമ്പായി സി.ഇ.ഡി ഓഫീസിൽ ലഭിച്ചിരിക്കണം.

3. ഊർജ്ജ കിരണ് പരിപാടികൾ നടപ്പാക്കുന്നതിന് എജൻസികൾക്കുള്ള പരിശീലന പരിപാടിയിൽ ഏതെങ്കിലുമൊരു സ്ഥലത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്വപ്പെട്ട കുറഞ്ഞത് ഒരു പ്രതിനിധിയെങ്കിലും നിർബന്ധമായും പങ്കെടുത്തിരിക്കണം.

4. പരിപാടിയെ കുറിച്ചുള്ള വിശദാംശങ്ങൾ സ്ഥലം എം.എൽ.എ., തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികള് എന്നിവരെ ധരിപ്പിക്കേണ്ടതും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാന് പരമാവധി ശ്രദ്ധിക്കേണ്ടതുമാണ്

5. ഊർജ്ജസംരക്ഷണ ക്ലാസ്സ് എടുക്കുന്നതിനും പൊതു പരിപാടികളില് വിഷയം അവതരിപ്പിക്കുന്നതിനും ഇ.എം.സി. അംഗീകാരമുള്ള റിസോർസ് പെർസണിന്റെ സേവനം ഉറപ്പുവരുത്തണം. പുറമേനിന്ന് റിസോർസ് പെർസണിനെ എടുക്കുന്നവർ അല്ലാതുള്ളവർക്ക് ഇ.എം.സി. യിൽ നേരത്തെ അറിയിച്ചു അംഗീകാരം തേടണം.

6. ഊർജ്ജസംരക്ഷണ ദിനത്തോടനുബന്ധിച്ചുള്ള റാലി കഴിയുന്നതും 2017 ഡിസംബർ 14ന് തന്നെ നടത്തുക. അനിവാര്യ സാഹചര്യങ്ങളിൽ 14ന് മുൻപുള്ള നാലോ അഞ്ചോ ദിവസങ്ങളില് നടത്താവുന്നതാണ്. യാതൊരു കാരണ വശാലും അത് 14ന് ശേഷമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

7. അക്ഷയ ഊർജ്ജ ബോധവൽക്കരണ പരിപാടിയില് അനെർട്ടിന്റെ ജില്ലാ ഓഫീസില് നിന്നുള്ളവരെ പങ്കെടുപ്പിക്കാന് ശ്രദ്ധിക്കേണ്ടതാണ്.

8. പൊതുജനങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടായിരിക്കണം പരിപാടികള് നടപ്പാക്കേണ്ടത് (കുറഞ്ഞത് 100 പേർ). വിദ്യാർത്ഥികൾക്കായി പ്രത്യേക പരിപാടികള് ഇ.എം.സി നടപ്പിലാക്കുന്നതിനാൽ അവരെ കേന്ദ്രീകരിച്ചുള്ള പരിപാടികള് ഒഴിവാക്കുക.

9. അക്ഷയ ഊർജ്ജ ബോധവൽക്കരണ പരിപാടി പ്രാഥമിക സഹകരണ സംഘങ്ങളിലോ തൊഴിലാളി സഹകരണ സംഘങ്ങളിലോ വച്ച് നടത്തുവാന് ശ്രമിക്കണം. ഇതുവഴി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള രെജിസ്ട്രേഷന് നടത്തുവാനും ലോണ് ലഭ്യമാക്കുവാനും സാധിക്കും.

**(ഓഫീസ് സീൽ)** **സ്ഥാപന മേലധികാരിയുടെ പേര്, ഒപ്പ്**

10. പരിപാടികൾക്ക് നോട്ടീസ്, പത്രങ്ങൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ വൻതോതില് പ്രചാരം നല്കണം

11. ഇ.എം.സി, അനർട്ട്, സി.ഇ.ഡി എന്നിവരുടെ സാമ്പത്തിക – സാങ്കേതിക സഹായം വ്യക്തമാക്കി നോട്ടീസ്, ബാനർ തുങ്ങിയവ പരിപാടിയിൽ പ്രദർശിപ്പിക്കേണ്ടതാണ് (മാതൃക ശ്രദ്ധിക്കുക)

12. പരിപാടികള് തികച്ചും പരിസ്ഥിതി സൌഹാർദ്ദഅന്തരീക്ഷത്തില് കഴിയുന്നത്ര ഊർജ്ജ ഉപയോഗം കുറച്ചുകൊണ്ടും ഫ്ലക്സ് ബാനറുകള്, പ്ലാസ്റ്റിക് കപ്പുകള്, പ്ലയിറ്റുകള്, ഒറ്റതവണ ഉപയോഗിക്കുന്ന മറ്റ് വസ്തുക്കൾ, പേന, പാഡ് തുടങ്ങിയവ ഒഴിവാക്കിയും ആയിരിക്കണം നടത്തേണ്ടത് . നോട്ടെഴുതാൻ ഇ.എം.സി നൽകുന്ന കൈപുസ്തകത്തിന്റെ അവസാനം എഴുതാത്ത പേജുകള് ഉണ്ടായിരിക്കുന്നതാണ്

13. പരിപാടികൾ നടത്തുമ്പോള് തന്നെ തുടർപരിപാടികള് ചർച്ച ചെയ്ത് രൂപം കൊടുക്കുകയും അത് റിപ്പോർട്ടില് കാണിക്കുകയും വേണം

14. പരിപാടിയിൽ പങ്കെടുക്കുന്നവരുടെ വൈദ്യുതി ബില്ലുകള് ശേഖരിച്ച് അവലോകനം ചെയ്യുകയും തുടർ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത് നന്നായിരിക്കും

15. റിപ്പോർട്ട്: എല്ലാ പരിപാടികളും 2018 ഫെബ്രുവരി 15ന് മുമ്പ് ചെയ്ത് തീർത്ത് താഴെ പറയുന്ന റിപ്പോർട്ടുകൾ അതിനായുള്ള തന്നിരിക്കുന്ന ഫോർമാറ്റില് തന്നെ 2018 ഫെബ്രുവരി 28ന് മുമ്പായി സി.ഇ..ഡി. ഓഫീസിൽ സമർപ്പിക്കണം
    1) പ്രവർത്തന റിപ്പോർട്ട്
    2) വരവ് – ചെലവ് കണക്കുകള്
    3) യുട്ടിലൈസഷൻ സർട്ടിഫിക്കറ്റ്
    4) ഫോട്ടോഗ്രാഫുകൾ
    5) പത്ര റിപ്പോർട്ടുകള് (പരിപാടിക്ക് മുമ്പും ശേഷവുമുള്ളത്)

16. അനർട്ടിന്റെ സഹായത്തോടെ നടപ്പാക്കുന്ന അക്ഷയ ഊർജ്ജ ബോധവൽക്കരണ പരിപാടിയുടെ പ്രവർത്തന റിപ്പോർട്ട് അനുബന്ധ രേഖകളും പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

**17. ഊർജ്ജ സംരക്ഷണ റാലിക്ക് തെരഞ്ഞെടുത്തിട്ടുള്ളവര് റാലിയുടെ റിപ്പോർട്ടും ഫോട്ടോഗ്രാഫുകളും ഡിസംബര് 21ന് മുമ്പ് ഇ-മെയിൽ മുഖാന്തിരമോ തപാല് വഴിയോ CED യിലേക്ക് അയച്ചിരിക്കണം. വീഴ്ച വരുത്തിയാൽ റാലിക്കുള്ള ധനസഹായ തുക ലഭിക്കുന്നതല്ല.**

**ബാനർ മാതൃക**




**(ഓഫീസ് സീൽ)** **സ്ഥാപന മേലധികാരിയുടെ പേര്, ഒപ്പ്**